# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.4070** **24.06.2019-ൽ മറുപടിയ്ക്ക്**

## നെടിയിരുപ്പ് ഗവ. വെൽഫയർ യു.പി. സ്കൂൾ കെട്ടിടനിർമാണം

| | | | |
|---|---|---|---|
| **ചോദ്യം:** | | **മറുപടി:** | |
| **ശ്രീ.ടി.വി.ഇബ്രാഹിം** | | **എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | മലപ്പുറം ജില്ലയിലെ നെടിയിരുപ്പ് ഗവ. വെൽഫയർ യു.പി. സ്കൂളിൽ കെട്ടിടനിർമ്മാണത്തിന് പട്ടികജാതി വികസനവകുപ്പ് ഫണ്ട് അനുവദിച്ചിട്ടും പ്രവൃത്തി തുടങ്ങാൻ കഴിയാത്തതിന്റെ കാരണം അറിയിക്കാമോ; | (എ) & (ബി) & (സി) | മലപ്പുറം ജില്ലയിലെ നെടിയിരുപ്പ് ഗവ.വെൽഫയർ യു.പി.സ്കൂൾ കെട്ടിട നിർമ്മാണത്തിന് 1,91,00,000/-രൂപ അനുവദിച്ച് 03/05/2018 ലെ സ.ഉ. (സാധാ) നം.568/18/പജപവവിവ പ്രകാരം ഭരണാനുമതി ലഭിച്ചിരുന്നു. എന്നാൽ പ്രവർത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയത് സിഡ്കോ ആണെന്നതിനാൽ നിർമ്മാണം സിഡ്കോയെ തന്നെ ഏൽപിക്കുവാൻ സിഡ്കോ അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ Competitive bidding മുഖേന നിർവ്വഹണ ഏജൻസിയെ തെരഞ്ഞെടുക്കുവാൻ സർക്കാർ നിർദ്ദേശിക്കുകയും അതിൻപ്രകാരം മലപ്പുറം ജില്ലാ പട്ടികജാതി വികസന ഓഫീസർ തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നുണ്ട്. |
| (ബി) | ഈ പ്രവൃത്തിയുടെ നടപടിക്രമം വിശദമാക്കാമോ;ഈ പദ്ധതി അനന്തമായി നീണ്ടുപോകുന്നതിന്റെ കാരണം വ്യക്തമാക്കാമോ; | | |
| (സി) | ഈ പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ; ഈ പ്രവൃത്തി എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കാമോ? | | |

**സെക്ഷൻ ഓഫീസർ**